"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണ വകുപ്പ് - കുറ്റിപ്പുറം വിദ്യാഭ്യാസ ഉപജില്ല സ്കൂൾ കലോത്സവം - തനത് ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിനുള്ള പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.2872/2022/LSGD    തീയതി,തിരുവനന്തപുരം, 21-11-2022

---

പരാമർശം:- 1. കുറ്റിപ്പുറം ഉപജില്ലാ സ്കൂൾ കലോൽസവം സ്വാഗത സംഘം ചെയർപേഴ്സന്റെ 14-11-22 ലെ കത്ത്.

2. ശ്രീ. ആബിദ് ഹുസൈൻ തങ്ങൾ എം.എൽ.എയുടെ 14.11.2022 ലെ 159/2022/KTK നമ്പർ കത്ത്.

<u>ഉത്തരവ്</u>

കുറ്റിപ്പുറം വിദ്യാഭ്യാസ ഉപജില്ല സ്കൂൾ കലോൽസവം കുറ്റിപ്പുറം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ വെച്ച് 2022 നവംബർ 19 മുതൽ 23 വരെ നടക്കുന്ന സാഹചര്യത്തിൽ കലോത്സവത്തിന്റെ വിജയകരമായ നടത്തിപ്പിനായി കുറ്റിപ്പുറം ഉപജില്ലാ പരിധിയിൽപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ധനസഹായം അഭ്യർത്ഥിച്ചു കൊണ്ടുള്ള പരാമർശം(1) കത്ത്, ശ്രീ. ആബിദ് ഹുസൈൻ തങ്ങൾ എം.എൽ.എ പരാമർശം(2) പ്രകാരം ശുപാർശ ചെയ്ത് സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2022 നവംബർ 19 മുതൽ 23 വരെ കുറ്റിപ്പുറം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ വെച്ച് നടക്കുന്ന കുറ്റിപ്പുറം വിദ്യാഭ്യാസ ഉപജില്ല സ്കൂൾ കലോത്സവത്തിന്റെ വിജയകരമായ നടത്തിപ്പിനായി വളാഞ്ചേരി മുനിസിപ്പാലിറ്റിയിൽ നിന്നും കുറ്റിപ്പുറം, എടയൂർ, ഇരിമ്പിളിയം, മാറാക്കര, ആതവനാട്, കൽപകഞ്ചേരി എന്നീ ഗ്രാമ പഞ്ചായത്തുകളിൽ നിന്നും 25,000/- രൂപ(ഇരുപത്തയ്യായിരം രൂപ) വീതം തനത് ഫണ്ടിൽ നിന്നും വിനിയോഗിക്കുവാൻ പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.

3. ധനസഹായം നൽകുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സംഘാടക സമിതി കൺവീനർ ധനവിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SHERLI P

സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ (പകർപ്പ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)
ബന്ധപ്പെട്ട നഗരസഭകൾ / കോർപ്പറേഷൻ (പകർപ്പ് നഗരകാര്യ ഡയറക്ടർ മുഖേന)
പ്രസിഡന്റ്/സെക്രട്ടറി, മലപ്പുറം ജില്ലാ പഞ്ചായത്ത്.
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.
ചെയർപേഴ്സൺ, കുറ്റിപ്പുറം ഉപജില്ലാ സ്കൂൾ കലോൽസവം സംഘാടക സമിതി.
എക്സിക്യൂട്ടീവ് ഡയറക്ടർ & ചെയർമാൻ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by M.k.pradeesh Kumar
Date: 22-11-2022 13:02:55
സെക്ഷൻ ഓഫീസർ

ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എക്ക്